സി.ബി(1)48328/16

Office of the Registrar of Co-operative Societies
Thiruvananthapuram, Dated: 05/12/2016

| | |
|---|---|
| Email | : Keralarcs.coop@kerala.gov.in |
| Website | : www.cooperation.kerala.gov.in |
| Fax | : 0471-2331513, 0471-2331136 |

## സർക്കുലർ നമ്പർ. 46/2016

വിഷയം:- സഹകരണ വകുപ്പ് - 500/-, 1000/- രൂപ നോട്ടുകൾ അസാധുവാക്കിയതിനെത്തുടർന്ന് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) നോട്ടിഫിക്കേഷൻ നമ്പർ എസ്.ഒ.3407(ഇ) തീയതി.08/11/2016
2) സർക്കാരിന്റെ 03/12/2016 ലെ സ.ഉ(കൈ) നമ്പർ സർക്കാർ ഉത്തരവ്

സൂചന (1) ലെ വിജ്ഞാപനത്തിലൂടെ 500/-, 1000/- രൂപാ നോട്ടുകളുടെ ലീഗൽ ടെണ്ടർ ക്യാരക്ടർ പിൻവലിക്കുകയുണ്ടായി. തുടർന്ന് ഇടപാടുകാർക്ക് ഒരാഴ്ച പിൻവലിക്കാവുന്ന തുക പരമാവധി 24,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. ഈനടപടി സഹകരണ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കുകളിലെ ഉപഭോക്താക്കളായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഒരാഴ്ച പിൻവലിക്കാവുന്ന തുക ഇതു മൂലം 24,000/- രൂപയായി പരിമിതപ്പെടുകയുണ്ടായി. ഈ സാഹചര്യം 30/11/2016 ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിശദമായി ചർച്ച ചെയ്യുകയും ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഈമേഖലയിലെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരത്തിനായി ചില മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി(ഇടപാടുകാരെ അറിയൽ)മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ)സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിക്കേണ്ടതാണ്.
2. പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000/- രൂപയോ റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടിജി.എസ്, എൻ.ഇ.എഫ്.റ്റി എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകാവുന്നതുമാണ്.

3. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുകയും ചെയ്യേണ്ടതാണ്.
4. പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിക്കാവുന്നതാണ്.
5. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ടതാണ്. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കും. താൽക്കാലികമായി ഏർപ്പെടുത്തുന്ന ഈ ബദൽ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ആവശ്യമുള്ള ഇടപാടുകാർക്ക് മാത്രം നൽകിയാൽ മതിയാകും.

ഒപ്പ്
**എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്**
സഹകരണസംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ അസിസ്റ്റന്റ്ഡയറക്ടർമാർക്കും
6. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
7. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും
8. എല്ലാ സഹകരണ പ്രാഥമിക സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. വെബ്സൈറ്റ്
10. സ്റ്റോക്ക്ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)